ഉത്തരം

(എ) 2012-13 സാമ്പത്തിക വർഷത്തിൽ പാലക്കാട് ജില്ലയിൽ ഹരിതനഗരി പദ്ധതിയിൽ ആകെ 66 കുടുംബങ്ങളാണ് ഉൾപ്പെട്ടിട്ടുള്ളത്.

(ബി) 1600 രൂപ വരുന്ന ഒരു യൂണിറ്റിന് (20 ഗ്രോബാഗ്) 50% സബ്സിഡിയായി 800 രൂപയുടെ ആനുകൂല്യമാണ് നൽകിയിട്ടുള്ളത്.

(സി) ഒരു യൂണിറ്റിൽനിന്നും ഒരു സീസണിൽ ഏകദേശം 60 കിലോയോളം പച്ചക്കറികൾ ലഭിച്ചതായി കണക്കാക്കുന്നു.

(ഡി) ഹരിത നഗരി പദ്ധതി ഈ വർഷം (2014-15) നടപ്പിലാക്കുന്നില്ല.

(ഇ) ബാധകമല്ല.

ഗ്രീൻ ഹൗസുകൾ നിർമ്മാണം

140 (7437) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രീൻഹൗസുകൾ നിർമ്മിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി സമയപരിധി നിശ്ചയിച്ചിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ എന്നു മുതൽ എന്നു വരെയായിരുന്നുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പോളീഹൗസ് നിർമ്മിക്കുന്നതിനായി അപേക്ഷകൾ ക്ഷണിക്കുകയും ലഭിച്ച അപേക്ഷകളിൽനിന്നും സ്ഥല പരിശോധന നടത്തി പോളീഹൗസ് കൃഷിക്ക് അനുയോജ്യമായ സ്ഥലമുള്ള കർഷകരെ പദ്ധതിക്കായി തെരഞ്ഞെടുക്കുന്നു. അവർക്ക് പോളീഹൗസ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള അനുമതി ഉത്തരവ് നൽകുകയും ചെയ്യുന്നു. കൂടാതെ അവർക്ക് പോളിഹൗസ് കൃഷി ചെയ്യുന്നതിനാവശ്യമായ നിർദ്ദേശങ്ങളും സാങ്കേതിക വിവരങ്ങളും പരിശീലനവും നൽകുന്നു. തുടർന്ന് പോളീഹൗസ് നിർമ്മിക്കുന്നതിനായി നിർമ്മാണ സ്ഥാപനങ്ങളുടെ വിവരങ്ങളും പോളിഹൗസ് കൃഷിക്കാവശ്യമായ വിവിധ സേവന ദാതാക്കളുടെ വിവരങ്ങളും സർക്കാർ കർഷകർക്ക് നൽകുന്നു.

(ബി) ഉണ്ട്.

(സി) 2014-15 സാമ്പത്തിക വർഷത്തെിലെ ഹൈ-ടെക് കൃഷിക്കായി 2014 ജൂലൈ 8 വരെ അപേക്ഷകൾ സ്വീകരിക്കുകയും ആഗസ്റ്റ് 15-ന് മുമ്പായി സ്ഥല പരിശോധന നടത്തുകയും ആഗസ്റ്റ് 31-ന് മുമ്പായി ഉടമ്പടി ഒപ്പ് വയ്ക്കുകയും നിർമ്മാണ ഉത്തരവ് നൽകുകയും ചെയ്യുന്നു. ഡിസംബർ മാസം 31-ന് മുമ്പായി പോളീഹൗസ് നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുകയും 2015 ഫെബ്രുവരി 28-ന് മുമ്പായി ധനസഹായം വിതരണം ചെയ്യുന്നതുമാണ്.

LIBRARY ARCHIVES Kerala Legislative Assembly